ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:04.07.2025

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിദേശപര്യടനം തുടരുന്നു; ട്രിനിഡാഡ് ആൻഡ് ടൊബാഗോ സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി അർജൻറീനയിൽ എത്തും.
2. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗദീപ് ധൻകർ മറ്റന്നാൾ കേരളത്തിലെത്തും.
3. സംസ്ഥാനത്ത് വീണ്ടും നിപ ആശങ്ക. കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.
4. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കെട്ടിടം തകർന്നുവീണ സംഭവത്തിൽ പ്രതിഷേധം ശക്തമാക്കി പ്രതിപക്ഷം; അപകടത്തിൽ മരിച്ച തലയോലപ്പറമ്പ് സ്വദേശിനിയുടെ കുടുംബത്തിന് അടിയന്തിര ധനസഹായം നൽകുമെന്ന് മന്ത്രി വി എൻ വാസവൻ.
5. ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും; ശുഭ് മൻ ഗില്ലിന്റെ ഇരട്ട സെഞ്ചുറി മികവിൽ ഇന്ത്യ.

RNU TVPM

******************************

## പ്രധാനമന്ത്രി- സ്പെയിൻ

അഞ്ച് രാജ്യങ്ങളിലേക്കുള്ള പര്യടനത്തിൻറെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെത്തി. പോർട്ട് ഓഫ് സ്പെയിനിൽ നടന്ന പ്രവാസി സമ്മേളനത്തിൽ അദ്ദേഹം ഇന്ത്യൻ സമൂഹവുമായി സംവദിച്ചു. നിരവധി ഉഭയകക്ഷി ചർച്ചകളിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി അവിടെ പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെയും അഭിസംബോധന ചെയ്യും.

******************************

## പ്രധാനമന്ത്രി -സന്ദർശനം

ബഹുരാഷ്ട്ര സന്ദർശനം തുടരുന്ന പ്രധാനമന്ത്രി ഇന്നും നാളെയുമായി അർജൻറീനയിൽ വിവിധ ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. പ്രതിരോധം, കൃഷി, ഖനനം, എണ്ണ, വാതകം, വ്യാപാരം, നിക്ഷേപം, തുടങ്ങി നിരവധി പ്രധാന വിഷയങ്ങളിൽ ചർച്ചകൾ നടക്കും. ഈ മാസം 6, 7 തീയതികളിൽ റിയോ ഡി ജനീറോയിൽ നടക്കുന്ന പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുക്കും. തുടർന്ന് ബ്രസീൽ പ്രസിഡന്റുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും.

RNU TVPM

******************************

## ഉപരാഷ്ട്രപതി

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഞായറാഴ്ച കേരളത്തിലെത്തും. ഗുരുവായൂർ ക്ഷേത്ര ദർശനം നടത്തുന്ന അദ്ദേഹം തുടർന്ന് കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലും സന്ദർശനം നടത്തും. വിദ്യാർത്ഥികളുമായും അധ്യാപകരുമായും ഉപരാഷ്ട്രപതി സംവദിക്കും.

******************************

## പാലക്കാട് - നിപ

സംസ്ഥാനത്ത് വീണ്ടും നിപ ആശങ്ക. പാലക്കാട് തച്ചനാട്ടുകര സ്വദേശിയായ യുവതിക്ക് നിപ ബാധ സംശയിക്കുന്നതിനെ തുടർന്ന് തച്ചനാട്ടുകര, കരിമ്പ പഞ്ചായത്തുകളിലെ 6 വാർഡുകളിൽ ജില്ലാ ഭരണകൂടം നിയന്ത്രണം ഏർപ്പെടുത്തി. യുവതി നിലവിൽ പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലിരിക്കെ മരിച്ച മലപ്പുറം സ്വദേശിനിക്കും കോഴിക്കോട് മെഡിക്കൽ കോളേജിൽ നടത്തിയ പരിശോധനയിൽ നിപ ബാധ സംശയിക്കുന്നുണ്ട്. രണ്ട് നിപ കേസുകളുമായി ബന്ധപ്പെട്ട് കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. വിദഗ്ധ പരിശോധനക്കായി രണ്ടു സാമ്പിളുകളും പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ അയച്ചിരിക്കുകയാണ്. പോലീസിന്റെ സഹായത്തോടെ സമ്പർക്ക പട്ടിക തയ്യാറാക്കുമെന്നും മന്ത്രി അറിയിച്ചു. മന്ത്രിയുടെ നേതൃത്വത്തിൽ വൈകുന്നേരം വീണ്ടും ഉന്നതതല യോഗം ചേർന്ന് തുടർനടപടികൾ സ്വീകരിക്കും.

RNU TVPM

*********************************

## മന്ത്രി വി എൻ വാസവൻ - ധനസഹായം

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കെട്ടിടം തകർന്നുവീണ് മരിച്ച തലയോലപ്പറമ്പ് സ്വദേശിനി ബിന്ദുവിന്റെ കുടുംബത്തിന് അടിയന്തിരമായി അൻപതിനായിരം രൂപ ധനസഹായം നൽകുമെന്ന് മന്ത്രി വി എൻ വാസവൻ. തുടർ സഹായം സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിന് ശേഷം തീരുമാനിക്കുമെന്നും അദ്ദേഹം കോട്ടയത്ത് മാധ്യമങ്ങളോട് പറഞ്ഞു. അപകടത്തിൽ മരിച്ച ബിന്ദുവിൻറെ കുടുംബത്തിന് എല്ലാ സഹായവും ഉറപ്പാക്കുമെന്ന് ബിന്ദുവിന്റെ വീട്ടിലെത്തിയ

ജില്ലാ കളക്ടർ അറിയിച്ചു. അതേസമയം, ബിന്ദുവിന്റെ മൃതദേഹം അല്പസമയത്തിനകം സംസ്കരിക്കും.

*******************************

## കോട്ടയം - പ്രതിപക്ഷ നേതാവ്

കോട്ടയം മെഡിക്കൽ കോളേജ് അപകടത്തിൽ, സർക്കാരിന്റെ ഭാഗത്തു നിന്ന് നിരുത്തരവാദിത്തപരമായ സമീപനമാണ് ഉണ്ടായതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ആരോഗ്യ മന്ത്രി രാജി വയ്ക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അപകടം ഉണ്ടായ കോട്ടയം മെഡിക്കൽ കോളേജ് കെ പി സി സി അധ്യക്ഷൻ ഉൾപ്പെടെയുള്ള പ്രതിപക്ഷ എം എൽ മാർ സന്ദർശിച്ചു. മെഡിക്കൽ കോളേജിലുണ്ടായ അപകടം കുറ്റകരമായ അനാസ്ഥയുടെ ഫലമാണെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു. സംഭവവുമായി ബന്ധപ്പെട്ട് സെക്രട്ടറിയേറ്റിനു മുന്നിൽ ഉൾപ്പടെ സംസ്ഥാനത്ത് വിവിധയിടങ്ങളിൽ പ്രതിപക്ഷ പാർട്ടികൾ പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു.

RNU TVPM

*******************************

## കോഴിക്കോട് - ദിശ (ഇൻട്രോ)

കോഴിക്കോട് കൊയിലാണ്ടി നഗരസഭയിലെ വിദ്യാർഥികൾക്ക് ഇടവേള ഭക്ഷണമായി ഇനി വിവിധ രുചികൾ നുണയാം. ദിശ സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കൊഴുക്കട്ട, റാഗി പായസം തുടങ്ങി വിവിധ വിഭവങ്ങൾ പൊതു വിദ്യാലയങ്ങളിൽ തയ്യാറാകുന്നത്. **ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട് ......**

**(വോയ്സ്)**

*****************************

<u>മന്ത്രി കെ. കൃഷ്ണൻകുട്ടി</u>

അനെർട്ട് അക്ഷയ ഊർജ്ജ, ഇ-മൊബിലിറ്റി പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി കെ. കൃഷ്ണൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. അനെർട്ടിന്റെ വെഹിക്കിൾ ടു ഗ്രിഡ് പൈലറ്റ് പദ്ധതി, വൈദ്യുത ഗ്രിഡ് സംയോജിത ഊർജ്ജ സംഭരണ സംവിധാനം തുടങ്ങി നാല് പ്രധാന പദ്ധതികളുടെ ഉദ്ഘാടനമാണ് ഇന്ന് നടക്കുക. കേരളത്തിന്റെ ഹരിതദൗത്യങ്ങൾക്ക് ശക്തി പകരുകയാണ് ലക്ഷ്യം.

*****************************

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

(ബ്രേക്ക്)

*****************************

<u>സ്വാമി വിവേകാനന്ദൻ ചരമവാർഷിക</u>

ചരിത്രത്തിലും സാംസ്കാരിക പൈതൃകത്തിലും അഭിമാനവും ആത്മവിശ്വാസവും ജ്വലിപ്പിച്ച വ്യക്തിയാണ് സ്വാമി വിവേകാനന്ദനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സ്വാമി വിവേകാനന്ദൻറെ ചരമ വാർഷിക ദിനത്തിൽ പ്രധാനമന്ത്രി ആദരാഞ്ജലി അർപ്പിച്ചു. വിവേകാനന്ദന്റെ ദർശനങ്ങൾ എന്നും വഴികാട്ടിയാണെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

*****************************

<u>വയനാട് - കെ.രാജൻ</u>

RNU TVPM

വയനാട് പുനരധിവാസത്തിന്റെ ഭാഗമായുള്ള ടൗൺഷിപ്പ് പദ്ധതി ഈ വർഷം തന്നെ പൂർത്തിയാക്കുമെന്ന് റവന്യൂ മന്ത്രി കെ.രാജൻ. കൽപ്പറ്റയിൽ ടൗൺഷിപ്പ് നിർമ്മാണം നടക്കുന്ന പ്രദേശത്ത് സന്ദർശനം നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. മാതൃകാ വീടിൻറെ നിർമ്മാണം അന്തിമ ഘട്ടത്തിലാണെന്നും രണ്ടാഴ്ചക്കുള്ളിൽ നിർമ്മാണം പൂർത്തിയാകുമെന്നും മന്ത്രി അറിയിച്ചു.

********************************

## സജി ചെറിയാൻ - തീരസംരക്ഷണ

കൊല്ലം ജില്ലയിലെ മുണ്ടക്കൽ പാപനാശം മുതൽ കൊല്ലം ബീച്ച് വരെയുള്ള വെടിക്കുന്ന് പ്രദേശം സംരക്ഷിക്കുന്നതിനായി പദ്ധതി ഒരുങ്ങുന്നതായി മന്ത്രി സജി ചെറിയാൻ. 9.8 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കാൻ മന്ത്രിസഭ അംഗീകാരം നൽകിയതായി അദ്ദേഹം അറിയിച്ചു. വർഷങ്ങളായി കടലാക്രമണ ഭീഷണിയിലായ പ്രദേശത്ത് ശക്തമായ തിരമാലകളെ പ്രതിരോധിക്കാൻ പദ്ധതി സഹായകമാകുമെന്ന് ശ്രീ സജി ചെറിയാൻ പറഞ്ഞു.

RNU TVPM

********************************

## പെയിന്റിംഗ് ... (ഇൻട്രോ)

കേരളത്തിന്റെ സാംസ്കാരിക പെരുമ മുദ്രണം ചെയ്ത ചിത്ര കലാ ഗോപുരങ്ങൾ ഒരുക്കി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളം. ഒറ്റപ്പാലത്തെ ദേവ ക്രിയേഷൻസ് സ്ഥാപകരായ അമ്പിളി തെക്കേടത്ത്, സനു ക്രാരിയേലി എന്നിവരുടെ നേതൃത്വത്തിൽ ചാക്കയിലെ രാജ്യാന്തര ടെർമിനലിലേക്കുള്ള ഓവർബ്രിഡ്ജ് ടവറുകളാണ് ചിത്ര ഗോപുരങ്ങളാക്കി മാറ്റിയത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാപ്രതിനിധി രെജു കോലിയക്കോട്......**

(വോയ്സ്)

******************************

<u>ക്രിക്കറ്റ്</u>

ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് ഇന്ന് ഉച്ചക്ക് ശേഷം പുനരാരംഭിക്കും. ഇന്നലെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് പുനരാരംഭിച്ച ഇന്ത്യ ക്യാപ്റ്റൻ ശുഭ് മൻ ഗില്ലിൻറെ ഡബിൾ സെഞ്ചുറിയുടെ കരുത്തിൽ 587 റൺസ് എടുത്തു. മറുപടി ബാറ്റിങ്ങിൽ ഇംഗ്ലണ്ട് 3 വിക്കറ്റ് നഷ്ടത്തിൽ 77 റൺസ് എന്ന നിലയിലാണ്.

******************************

<u>ഓഹരി +സ്വർണം</u>

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 160 പോയിൻറ് നഷ്ടത്തിൽ 83,091 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 54 പോയിൻറ് കുറഞ്ഞു 25,352 ലും വ്യാപാരം തുടരുന്നു . സ്വർണ വില കുറഞ്ഞു. പവന് 440 രൂപ കുറഞ്ഞ് 72,400 രൂപയും ഗ്രാമിന് 9,050 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

******************************

<u>മഴ</u>

സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കോഴിക്കോട്, വയനാട് കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ എട്ടു ജില്ലകളിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

******************************

## വൈശാഖ മഹോത്സവം

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവം ഇന്ന് സമാപിക്കും. തൃക്കലശാട്ടം കഴിയുന്നതോടെ ഒരു മാസം നീണ്ടു നിന്ന വൈശാഖ മഹോത്സവത്തിന് പരിസമാപ്തിയാവും. ദർശന കാലയളവിൽ ആയിരക്കണക്കിന് തീർത്ഥാടകരാണ് ക്ഷേത്രത്തിൽ എത്തിയത്.

******************************

## ഫാക്ട് ചെക്ക്

21,000 രൂപ നിക്ഷേപിക്കുമ്പോൾ പ്രതിദിനം 1.25 ലക്ഷം രൂപ ലാഭവിഹിതം ലഭിക്കുന്ന നിക്ഷേപ പദ്ധതി ആവിഷ്കരിക്കുമെന്ന എന്ന രീതിയിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വീഡിയോ വ്യാജമാണെന്ന് പി ഐ പി ഫാക്ട് ചെക് അറിയിച്ചു .

******************************

## സ്വച്ഛ് ക്യാമ്പസ് അംബാസിഡർ

കോഴിക്കോട് ജില്ലയിലെ ക്യാമ്പസുകളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്ന് സ്വച്ഛ് ക്യാമ്പസ് അംബാസിഡർ പദ്ധതിയ്ക്ക് തുടക്കം. ജില്ലാ ശുചിത്വ മിഷന്റെയും നാഷണൽ സർവീസ് സ്കീമിൻ്റെയും നേതൃത്വത്തിൽ ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾക്ക് ആണ് തുടക്കമായത്. ജില്ലയിലെ ക്യാമ്പസുകളിൽ നിന്നും രണ്ട് പേരെ വീതമാണ് അംബാസിഡർമാരായി തിരഞ്ഞെടുത്തത്.

*******************************************************************

******************************

RNU TVPM